## പതിമൂന്നാം കേരള നിയമസഭ
### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4116 — 03.02.2014–ലെ മറുപടിക്ക്

# പുതിയ സർക്കാർ മെഡിക്കൽ കോളേജുകളിലെ തസ്തികകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിലേക്കായി സൃഷ്ടിച്ച തസ്തികകളിലേക്ക് നിയമനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ? | പുതുതായി ആരംഭിക്കുന്ന സർക്കാർ മെഡിക്കൽ കോളേജുകളിൽ പ്രവർത്തനമാരംഭിച്ച മഞ്ചേരി ഗവ. മെഡിക്കൽ കോളേജിന് വേണ്ടി മാത്രമാണ് പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്. എൻട്രി കേഡർ തസ്തികകൾ പി.എസ്.സി. വഴിയും ഉയർന്ന തസ്തികകൾ പ്രൊമോഷൻവഴിയുമാണ് നികത്തേണ്ടത്. ആയതിൻ പ്രകാരം എൻട്രി കേഡർ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുകയും അഡ്വൈസ് ലഭിച്ച തസ്തികകളിൽ നിയമനം നടത്തിയിട്ടുമുണ്ട്. ചില ഉയർന്ന തസ്തികകളിൽ പ്രമോഷൻ വഴിയും നിയമനം നടത്തിയിട്ടുണ്ട്. ബാക്കിയുള്ള ഉയർന്ന തസ്തികകളിലേക്ക് പ്രമോഷൻ നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ